# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളിൽ പ്രൊമോഷൻ/ നിയമനം നൽകിയും ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ഇല്ല

**ഉത്തരവ് നമ്പർ. E5-22779/2019/PrHQ; തീയതി : 13-05-2022**

30.04.2022 തീയതിയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ശ്രീ.ആൻറണി.കെ സർവീസിൽ നിന്നും വിരമിച്ചതുവഴി പ്രസ്തുത സ്ഥാപനത്തിൽ ടി തസ്തികയിൽ ഒരൊഴിവ് ഉണ്ടായിട്ടുണ്ട്. ടി ഒഴിവിലേക്കും അതിനെ തുടർന്ന് ഉണ്ടാകുന്ന മറ്റ് തസ്തികകളിലെ ഒഴിവുകളിലേക്കും സീനിയോറിറ്റി അനുസരിച്ച് പ്രൊമോഷൻ/ നിയമനം നൽകിയും ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി നിയമിച്ചും ചുവടെ ചേർക്കും വിധം ഉത്തരവാകുന്നു.

1. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഉണ്ടായിട്ടുള്ള അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിലെ ഒഴിവിലേക്ക് എറണാകുളം ജില്ലാ ജയിലിലെ പ്രിസൺ ഓഫീസർ ശ്രീ. അല്ലാജ്.എ.ഒ യ്ക്ക് സീനിയോറിറ്റി പ്രകാരം പ്രൊമോഷൻ നൽകി കൊല്ലം ജില്ലാ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ശ്രീ. അനിൽ കുമാർ.വി-യെ സ്ഥലം മാറ്റുന്ന ഒഴിവിൽ കൊല്ലം ജില്ലാ ജയിലിൽ നിയമിക്കുന്നു.

2. കൊല്ലം ജില്ലാ ജയിലിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II ശ്രീ. അനിൽ കുമാർ.വി-യെ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ്-II തസ്തികയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

3. അത്തരത്തിൽ എറണാകുളം ജില്ലാ ജയിലിൽ ഉണ്ടാകുന്ന പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് കണ്ണൂർ സെൻട്രൽ പ്രിസണിലെ ഗേറ്റ് കീപ്പർ ശ്രീ. നോബി സെബാസ്റ്റ്യന് സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകുന്നു.

4. അത്തരത്തിൽ കണ്ണൂർ സെൻട്രൽ പ്രിസണിൽ ഉണ്ടാകുന്ന ഗേറ്റ് കീപ്പർ തസ്തികയിലെ ഒഴിവിലേക്ക് തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. ഗിരീഷ്കുമാർ.എം.എസ് -ന് സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകുന്നു.

5. അത്തരത്തിൽ തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഉണ്ടാകുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് സീനിയോറിറ്റി അനുസരിച്ച് മാവേലിക്കര സ്പെഷ്യൽ സബ് ജയിലിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ. അരുൺ.ടി-ക്ക് പ്രൊമോഷൻ നൽകി തവനൂർ സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. അജീഷ്.എ.കെ യെ സ്ഥലം മാറ്റുന്ന ഒഴിവിൽ തവനൂർ സെൻട്രൽ പ്രിസണിൽ നിയമിക്കുന്നു.

6. തവനൂർ സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. അജീഷ്.എ.കെ യെ തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

ടി ഉത്തരവ് നടപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സ്ഥാപന മേധാവികൾ മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

പകർപ്പ് : 1. ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/മധ്യ/ദക്ഷിണ മേഖലകൾ
2. ഓഫീസ് കോപ്പി/SPCR/ടെക്നിക്കൽ സെൽ